പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.337 — 23.08.2017 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പ്യ

**ചോദ്യം**

ശ്രീ.എ. കെ. ശശീന്ദ്രൻ
ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലൂടെ എന്തൊക്കെ സഹായങ്ങളാണ് വളർന്നുവരുന്ന കായിക താരങ്ങൾക്കായി ചെയ്യാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | എ) | 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ ഏകദേശം 250 കായിക താരങ്ങൾക്ക് വിദേശ കോച്ചുമാരും, വിദഗ്ധരായ ദേശീയ കോച്ചുമാരും അടക്കമുള്ള വിദഗ്ധരുടെ കീഴിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനാണ് **"ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"** യിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. ഈ വർഷത്തെ നടത്തിപ്പിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഓപ്പറേഷൻ ഒളിമ്പ്യ എന്ന പദ്ധതിയിലേയ്ക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങളുടെ പരിശീലനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; | (ബി) | 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിനു സജ്ജരാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത കായിക ഇനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒളിമ്പിക് സെന്ററുകളിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയോഗിയ്ക്കുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഒളിമ്പിക്സ് സെന്ററുകളിൽ (അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്-എന്നീ കായിക ഇനങ്ങൾക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, കനോയിംഗ് & കയാക്കിംഗ്-കൊല്ലം, റോവിംഗ്-ആലപ്പുഴ, ബാഡ്മിന്റൺ- എറണാകുളം, ആർച്ചറി-വയനാട്) പരിശീലനത്തിന് സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതാണ്. കൂടാതെ, വിദേശ കോച്ചുകളുടെയും വിദഗ്ധരായ ദേശീയ കോച്ചുകളുടെയും സേവനവും പരിശീലനത്തിനായി ഉപയോഗപ്പെടുത്തുന്ന- തോടൊപ്പം ഒളിമ്പിക്സ് സെന്ററുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതാണ്. |
| സി) | ഏതൊക്കെ ഇനങ്ങളിൽ കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്ന തിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്ന് അറിയിക്കുമോ? | സി) | ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളെയാണ് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**